(c) വില്ലേജുദ്യോഗസ്ഥന്മാരെ പഞ്ചായത്ത് അംഗങ്ങളായി സ്വീകരിപ്പാൻ പാടില്ലെന്ന് ഗവൺമെണ്ട് തീർച്ചയാക്കുമോ?

(d) വില്ലേജുദ്യോഗസ്ഥന്മാർ പഞ്ചായത്തംഗങ്ങളായിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് വളരെ അസൌകര്യമുണ്ടെന്ന് ഗവൺമെണ്ട് അറിഞ്ഞിട്ടുണ്ടോ?

മിസ്റ്റർ ഐ. രാമമേനോൻ.

(a) 84

(b)

1.	നടമേൽ	8.	ചെവ്വൂർ
2.	തെളങ്ങന്നൂപ്പുഴ	9.	മല്ലൂർ
3.	കൊടകര	10.	പുത്തൂർ
4.	പറപ്പൂക്കര	11.	അത്താറ
5.	മേലൂർ	12.	പോക്കൊളം
6.	കുഴൂന്നു	13.	കൊഴിഞ്ഞാമ്പാറ
7.	ചാഴൂർ	14.	മുലത്തറ

(c) വില്ലേജുദ്യോഗസ്ഥന്മാരെ പഞ്ചായത്തംഗങ്ങളായി സ്വീകരിക്കുന്നതുകൊണ്ട് പഞ്ചായത്തുഭരണത്തിന് ദോഷമുണ്ടെന്ന് ഗവൺമെണ്ടിനു വിചാരിപ്പാൻ യാതൊരു കാരണവും ഉണ്ടായിട്ടില്ല. അതുകൊണ്ട് ഭേദഗതിയിൽ ആവശ്യപ്പെട്ടപ്രകാരം തീർച്ചയാക്കുവാൻ തരമില്ല.

(d) ഇല്ല.

Distribution of funds to Village Panchayats.

മിസ്റ്റർ കുഞ്ഞിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.

183 (a) വില്ലേജുപഞ്ചായത്തുകൾക്ക് കൊല്ലംതോറും സംഖ്യ വീതിച്ചുകൊടുക്കുന്നതു് ഏതു തോതിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു പറയാമോ?

(b) കഴിഞ്ഞ മൂന്നുകൊല്ലങ്ങൾക്കിടയിൽ ഓരോ കൊല്ലത്തിലും കൂടുതൽ സംഖ്യ അനുവദിച്ചിട്ടുള്ളതു് ഏതു പഞ്ചായത്തിലേക്കാണെന്നും കുറഞ്ഞസംഖ്യ അനുവദിച്ചിട്ടുള്ളതു് ഏതുപഞ്ചായത്തിലേക്കാണെന്നും പറയാമോ?

മിസ്റ്റർ ഐ. രാമമേനോൻ.

(a) സംഖ്യ വീതിച്ചുകൊടുക്കുന്നത് ഇന്നതോതനുസരിച്ചാണെന്നു പറവാൻ തരമില്ല. ഓരോ പഞ്ചായത്തിൽ അത്യാവശ്യമായും അടിയന്തിരമായും നടത്തേണ്ട പണികളുടെ അവസ്ഥയും ഗവൺമെണ്ടിന്റെ ധനസ്ഥിതിയും അനുസരിച്ചാണ് സംഖ്യ അനുവദിച്ചുകൊടുക്കുന്നതു്.

(b)

കൊല്ലം.	അധികംസംഖ്യ അനുവദിച്ചതു്.	കുറഞ്ഞ സംഖ്യ അനുവദിച്ചതു്.
1099	ഒല്ലൂക്കര	മരട്
1100	നെന്മാറ	കോടനൂർ
1101	നെന്മാറ	കോടനൂർ

Execution of works by Panchayats.

മിസ്റ്റർ പി. മുണ്ടൈവൈദ്യൻ.

184. പഞ്ചായത്തു വകയായ എക്സ്കിക്യൂട്ടീവ് പ്രവൃത്തികൾ പഞ്ചായത്തുകാർ നടത്തുന്നതിനാൽ അതിയായ നഷ്ടം ബാധിക്കുന്നതായി ഗവൺമെണ്ട് അറിഞ്ഞിരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly